## 600

1 എല്ലാ സൗഭാഗ്യവും ക്രിസ്തുവിലുണ്ടേ
സർവ്വസമ്പൂർത്തിയും തന്നിൽ ഞാൻ കണ്ടേ
എല്ലാ സന്താപവും നീങ്ങിയുല്ലാസം
പൂണ്ടേ കണ്ടാനെന്നെയും പണ്ടേ

2 സ്വർഗ്ഗീയ സർവ്വ സൗഭാഗ്യങ്ങളാലേ
ക്രിസ്തുവിൽ ധന്യനായ് തീർന്നു
ഞാൻ ചാലേ ലോകത്തിൻ ഭോഗങ്ങൾ
പുല്ലിൻ പൂവെന്നപോലെ വേഗം മായുന്നു കാലേ-

3 ആഴത്തിൽ താഴുന്ന ചേറ്റിൽ നിന്നെന്നെ
വീണ്ടെടുത്തെന്റെ കാൽ പാറയിൽ നന്നേ
വീഴാതുറപ്പിച്ചു നവ്യഗീതങ്ങൾ തന്നേ
എന്തിന്നാകുലം പിന്നെ-

4 വന്നിടും ഭക്തരിൽ കാരുണ്യമോടെ
മിന്നിടും മേഘത്തിലാനന്ദത്തോടെ
നിത്യയുഗങ്ങൾ വസിക്കും തന്നോടുകൂടെ
നീങ്ങും ദു:ഖങ്ങൾ പാടേ-

5 നിത്യമാമൈശ്വര്യകാരണ സ്വത്തേ!
സത്യതിരുവേദമദ്ധ്യസ്ഥ സത്തേ!
ഭക്തർഗണങ്ങൾക്കൊരുത്തമനാം സുഹൃത്തേ!
നിന്നെ വാഴ്ത്തും ഞാൻ ചിത്തേ- **T.K.S.**